I/85719/2023

**ഭരണഭാഷമാതൃഭാഷ-**

No:TCPTVM/270/2023-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: 09-02-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - **കെട്ടിട നിർമ്മാണം - കൺകറൻസ് -സംബന്ധിച്ച്.**

സൂചന :
1. താങ്കളുടെ 31.01.2023 ലെ UE1/498/2023 നമ്പർ കത്ത്.
2. Sri.Augustin.C.M എന്നയാൾ 30.01.2023,0 1.02.2023 തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.

തിരുവനന്തപുരം നഗരസഭയിൽ ഉള്ളൂർ വില്ലേജിൽ പഴയ സർവ്വേ നമ്പർ 697/4-2,റീ സർവ്വേ നമ്പർ 212/2-1 എന്നിവയിൽ ഉൾപ്പെട്ട 6.07 ആർ വസ്തുവിൽ 193.60 ച.മീ വിസ്തീർണ്ണമുള്ള ഇരു നില വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷയിൻമേൽ G.O.(Ms) No.179/2022/LSGD dated 08/08/2022 (3)(i) പ്രകാരം, IDO-യിലെ Existing Public/Semi Public Use Zone-ൽ തെറ്റായി ഉൾപ്പെട്ട സ്വകാര്യ ഭൂമിയിൽ വാസഗൃഹ നിർമാണത്തിന് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് നൽകുന്നു.

1. നിർദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം , 08/08/2022 തീയ്യതിയിലെ 179/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദിഷ്ട വസ്തുവിന്റെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പ് വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.
3. കെ.എം.ബി.ആർ.2019 ചട്ടം 5 (6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.2019 നും നാളിതുവരെയുള്ള ഭേദഗതിക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പ് വരുത്തിയിരിക്കണം .
4. നഗരസഭാ / കോർപറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം

ആരംഭിക്കാവൂ.

5. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
8. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു .കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ വിനിയോഗ ഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.
9. മറ്റു എജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. KMBR 2019 ചട്ടം 10 പ്രകാരം സ്ഥലത്തു Earth work നടത്തുന്നത് സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി വാങ്ങേണ്ടതാണ്.

Signed by
Rajesh T N
Date: 09-02-2023 18:00:36

വിശ്വസ്തതയോടെ

RAJESH T N
TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)

പകർപ്പ്: അപേക്ഷകൻ,(അറിവിലേയ്ക്കായി)

Sri.Augustin.C.M,
Mullanmarathil,Mariya Bhavan,
Pathanamthitta P.O, 689645.